(ബി) 8433 ഫാക്ടറി തൊഴിലാളികൾക്കും 13413 പ്ലാന്റേഷൻ തൊഴിലാളികൾക്കും തൊഴിൽ നഷ്ടമായിട്ടുണ്ട്.

(സി) കഴിഞ്ഞ ഓണക്കാലത്ത് 7468 ഫാക്ടറി തൊഴിലാളികൾക്ക് 1000 രൂപാ വീതം എക്സ്ഗ്രേഷ്യാ ആയി 74,68,000 രൂപ നൽകിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആഴ്ചതോറും സൗജന്യറേഷൻ നൽകിവരുന്നു. കൂടാതെ ജോലിക്ക് ഭക്ഷണം പദ്ധതി പ്രകാരം അതിവിതരണം, ഇവരുടെ 10-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം എന്നിവ നൽകിവരുന്നു. കഴിഞ്ഞ വർഷം സൗജന്യ റേഷൻ ലഭിച്ചിരുന്ന 9839 തോട്ടം തൊഴിലാളികൾക്ക് 500 രൂപ വീതം ആശ്വാസധനമായി 49,19,500 രൂപാ വിതരണം ചെയ്തിട്ടുണ്ട്. പീരുമേട്ടിൽ 215 മെഡിക്കൽ ക്യാമ്പു നടത്തിയിട്ടുണ്ട്. ഇവിടെ ആധുനിക ചികിത്സാ സൗകര്യങ്ങളോടുകൂടിയ ഒരു മൊബൈൽ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു. ആരോഗ്യ വകുപ്പുമുഖേന തൊഴിലാളികൾക്കാവശ്യമായ മരുന്നും മറ്റു ചികിത്സാ സൗകര്യങ്ങളും നൽകി വരുന്നു. ഇവരുടെ കുട്ടികൾക്ക് ബാഗ്, നോട്ട് ബുക്ക് തുടങ്ങിയ പഠനോപകരണങ്ങളും സൗജന്യമായി നൽകിവരുന്നു.

ലോക്കൗട്ട് ചെയ്തതും പൂട്ടിയതുമായ തൊഴിൽശാലകൾ

37 [1339] ശ്രീമതി രാധാരാഘവൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, എം. പി. ഗംഗാധരൻ:
,, കെ. സി. ജോസഫ്:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര ലോക്കൗട്ട് ഉണ്ടായിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്;

(സി) ലോക്ക് ഔട്ട് ചെയ്ത ഏതെങ്കിലും തൊഴിൽശാല പൂട്ടിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമാണ് പൂട്ടിയത്?

ഉത്തരം

(എ) 38.

(ബി) 5526 പേർക്ക്.

(സി) ഒരെണ്ണം പൂട്ടിയിട്ടുണ്ട്. (ഹൈടെക് ഇലക്ട്രോ തെർമിക്സ്, പാലക്കാട്).

LIBRARY ARCHIVES Kerala Legislative Assembly